LIBRARY ARCHIVES Kerala Legislative Assembly

ശസ്ത്രക്രിയ വഴിയുള്ള പ്രസവങ്ങളുടെ നിരക്ക്

23 (4892) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശസ്ത്രക്രിയ വഴിയുള്ള പ്രസവങ്ങളുടെ നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിരക്ക് വർദ്ധനവ് ആപത്കരമായ സ്ഥിതി വിശേഷം ഉളവാക്കുന്നുണ്ടോ ;

(സി) പ്രസ്തുത നിരക്കു വർദ്ധനയുടെ കാരണം സംബന്ധിച്ച് എന്തെല്ലാം പഠനം നടത്തിയിട്ടുണ്ട് ;

(ഡി) പ്രസ്തുത നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് ബോധവൽക്കരണം ഉൾപ്പെടെ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആപത്കരമായ സ്ഥിതിവിശേഷം ഉളവായിട്ടില്ല.

(സി) പ്രസ്തുത നിരക്ക് വർദ്ധനയുടെ കാരണം സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിയമം

24 (4893) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെങ്കിലും തരത്തിലുള്ള സംവിധാനങ്ങളോ നിയമങ്ങളോ നിലവിൽ ഉണ്ടോ ;

(ബി) സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികളുടെ എണ്ണം സംബന്ധിച്ചോ നടത്തുന്ന ശസ്ത്രക്രിയകളുടെ എണ്ണം സംബന്ധിച്ചോ സർക്കാരിന് അറിവുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഇതിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നിലവിൽ ഇല്ല.

(ബി) വിശദാംശം ലഭ്യമല്ല.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് ഒരു നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ആയതിന്റെ നടപടികൾ നടന്നുവരികയാണ്.

പരിരക്ഷ പദ്ധതി

25 (4895) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന 'പരിരക്ഷ' പദ്ധതിക്ക് ആരോഗ്യ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിപ്രകാരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലും കോഴിക്കോട് മെഡിക്കൽ കോളേജിലും എന്തെല്ലാം ഉപകരണങ്ങളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി പ്രകാരം നൽകിയ ഉപകരണങ്ങൾ പൊതുജനോപകാര പ്രദമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുജനാരോഗ്യ കേന്ദ്രങ്ങളെ രക്ഷപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന പരിരക്ഷാ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ഇംപ്ലിമെന്റിംഗ് ഓഫീസറായി കോഴിക്കോട് ജില്ലയിലെ വേളം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ. സോമസുന്ദരനേയും കോ-ഓർഡിനേറ്ററായി ശ്രീ. പി. എം. വിനോദ്കുമാറിനേയും (ഹെൽത്ത് ഇൻസ്പെക്ടർ) ആരോഗ്യ വകുപ്പ് നിയമിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മാസാമാസം നടന്നുവരുന്ന കുറ്റ്യാടി, തിരുവള്ളൂർ ബ്ലോക്ക്തല അവലോകന യോഗത്തിൽ ഇതിന്റെ പ്രവർത്തനം നിർവ്വഹണ ഉദ്യോഗസ്ഥനും, കോ-ഓർഡിനേറ്ററും വിശദീകരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ. ഫണ്ട് വിനിയോഗം സംബന്ധിച്ച അവലോകന യോഗത്തിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ പങ്കെടുക്കുന്നുണ്ട്.

(ബി) മേപ്പയൂർ മണ്ഡലത്തിലെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്കും രക്തത്തിലെ പഞ്ചസാര നിർണ്ണയിക്കുന്ന ഗുണമേന്മയുള്ള ഗ്ലൂക്കോമീറ്റർ നൽകി (തുക 3,37,153), ആവള പ്രാഥമിക ആരോഗ്യകേന്ദ്രത്തിനായി

LIBRARY ARCHIVES Kerala Legislative Assembly